കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ല- ഗവ. ഐ.റ്റി.ഐ. കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി വിട്ടുനൽകുന്നതിന് രാജാക്കാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) നം. 2111/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 31-7-2012

പരാമർശം :-
1. രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 13-3-12 -ലെ VII (15)-ാം നമ്പർ തീരുമാനം.
2. രാജാക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23-4-12-ലെ എ2-1546/12 നമ്പർ കത്ത്
3. രാജാക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18-6-12-ലെ എ-2165/12 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (1) -ലെ തീരുമാനത്തിന്റെയും പരാമർശം (2),(3) -ലെ കത്തുകളുടെയും അടിസ്ഥാനത്തിൽ ഗവ. ഐ.റ്റി.ഐ. യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി 2010-11 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വിലയ്ക്ക് വാങ്ങിയ രാജാക്കാട് വില്ലേജ് സർവേ 27/24-2,162/2-2,27/24,162/2-2,690/19 നമ്പരുകളിൽപ്പെട്ട 121.ആർ 84 ച.മീ. സ്ഥലം, അത് ഐ.റ്റി.ഐ യുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി മാത്രമേ ഉപയോഗിക്കാവൂ എന്ന വ്യവസ്ഥയിൽ വ്യവസായ പരിശീലന വകുപ്പിന് വിട്ടുനൽകുന്നതിന് രാജാക്കാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,<br>
എൻ. ആർ. ശ്രീലേഖ<br>
അണ്ടർ സെക്രട്ടറി.

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം<br>
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം<br>
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് & അക്കൗണ്ട്സ്, തിരുവനന്തപുരം<br>
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം<br>
സെക്രട്ടറി, രാജാക്കാട് ഗ്രാമപഞ്ചായത്ത്, രാജാക്കാട് പി.ഒ-685566<br>
ഡയറക്ടർ, വ്യവസായ പരിശീലന വകുപ്പ്, തിരുവനന്തപുരം<br>
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)<br>
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.